## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *79 — 08.01.2014 ന് മറുപടിയ്ക്ക്

### ഐ.ടി.ഐ. കളിൽ വെർച്ചൽ ക്ലാസ്സ് റൂം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ വെർച്ചൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ.കളിൽ വെർച്ചൽ ക്ലാസ് റൂം നടപ്പിലാക്കി. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) ഒരു വിദഗ്ധ പരിശീലകന്റെ സഹായത്തോടെ ഒരു വർക്ക്ഷോപ്പിലോ ഒരു ക്ലാസ് റൂമിലോ നൽകുന്ന പരിശീലനം വിവര സാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളിൽ ഒരേ സമയം ഫലപ്രദമായി ഉപയുക്തമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം. ഇതിലൂടെ പരിശീലകന്റെ അഭാവം മൂലം പരിശീലനം തടസ്സപ്പെടുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കും. |
| (സി) ഇതിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത് ; | (സി) കമ്പ്യൂട്ടർ, സിമട്രിക്ക് ഇന്റർനെറ്റ് കണക്ഷൻ, എൽ.സി.ഡി. പ്രൊജക്റ്റർ, ക്യാമറ, മൈക്ക് എന്നീ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത്. |
| (ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ; വിശദമാക്കുമോ? | (ഡി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) മുഖേനയാണ് വെർചൽ ക്ലാസ് റൂം പദ്ധതി നടപ്പാക്കുന്നത്. ബി.എസ്.എൻ.എൽ-ന്റെ സേവനം ഇന്റർനെറ്റ് കണക്ടിവിറ്റിയ്ക്കായി ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ